# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: പി4/1452/2024 കെഎസ്എകെറ്റിഎം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി4/1452/2024 തീയ്യതി: 23/09/2024

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-07-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2024 | 29-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-08-2024 | 29-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി അമ്പിളി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആൽബിൻ സിറിയക് ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയന്ത ഹരി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബെൽജി ഇമ്മാനുവൽ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 01-04-2023 | 19-08-2023 |
| ശ്രീ.അബ്ദുൾ സലീം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-08-2023 | 10-09-2023 |
| ശ്രീ.ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 11-09-2023 | 18-03-2024 |
| ശ്രീമതി രാജശ്രീ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകുമാർ വി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 19-08-2023 |
| ശ്രീ.അബ്ദുൾ സലിം എസ് | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 20-08-2023 | 26-12-2023 |
| ശ്രീമതി രാജശ്രീ വി | അസിസ്റ്റന്റ് സെക്രട്ടറി | 27-12-2023 | 31-03-2024 |
| ഡോ.സാം സാവിയോ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 23-06-2023 |
| ഡോ.റോസ് സജിത ജോർജ്ജ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 24-06-2023 | 01-12-2023 |
| ഡോ.സലോ തോമസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 02-12-2023 | 31-03-2024 |
| ഡോ.രമ്യ രാമൻ നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.സുജ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.ജോജി മാത്യു | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.ഡെന്നീസ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.രാജീവ് കുമാർ ആർ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി വിഷ്ണുപ്രിയ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.വിമൽകുമാർ വി വി | വി.ഇ.ഒ (മരങ്ങാട്ടുപള്ളി) | 01-04-2023 | 02-05-2023 |
| ശ്രീമതി ദിവ്യ ദാസൻ | വി.ഇ.ഒ (മരങ്ങാട്ടുപള്ളി) | 03-05-2023 | 31-03-2024 |
| ശ്രീ.ബിനീഷ് ബി | വി.ഇ.ഒ (കുറിച്ചിത്താനം) | 01-04-2023 | 23-07-2023 |
| ശ്രീ.സുനിൽ എ പി | വി.ഇ.ഒ (കുറിച്ചിത്താനം) | 24-07-2023 | 31-03-2024 |
| ശ്രീമതി സൗമ്യ സെബാസ്റ്റ്യൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 25-07-2023 |

| | | | |
|---|---|---|---|
| ശ്രീ.ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-07-2023 | 31-03-2024 |
| ശ്രീമതി പ്രമോൾ ദാസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.രാജേഷ് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | സഞ്ചിത മൂല്യശോഷണത്തിൽ 1.6 കോടി രൂപ പ്രയർ പീരിഡ് ചെലവായി ക്രമീകരിച്ചു. | 1-1-1 |
| 3 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-3 |
| 5 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-4 |
| 6 | വികസനഫണ്ട്(ജനറൽ),സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകളുടെ ചെലവ് തുകകളിൽ വ്യത്യാസം | 1-1-5 |
| 7 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ നെഗറ്റീവ് തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നു | 1-1-6 |
| 8 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-8 |
| 10 | ഒരേ ശീർഷകത്തിൽ തന്നെ വ്യത്യസ്ഥ ഫണ്ടുകളുടെ വിനിമയങ്ങൾ അക്കൗണ്ട് ചെയ്യുന്നു | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | വാർഷികപദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 16 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-11 |
| 21 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-12 |
| 22 | വസ്തു നികുതി- കുടിശ്ശിക നിലനിൽക്കുന്നു | 1-13 |
| 23 | വസ്തു നികുതി സഞ്ചയ ഡേറ്റാബേസ് - അടിസ്ഥാന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഡേറ്റാബേസ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ് | 1-14 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി -ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടത് | 1-15 |
| 25 | റേഷൻ കടകൾ, ഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-16 |
| 26 | തടി ലേലം- എഫ്. ഡി. ടിയും ജി.എസ്.ടിയും അടവാക്കിയിട്ടില്ല | 1-17 |
| 27 | KURDFC വായ്പ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-18 |
| 28 | തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല | 1-19 |
| 29 | പഞ്ചായത്ത് ആസ്തികൾ - അപ്ഡേഷൻ പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 30 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പ്രൊജക്റ്റുകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-21 |

| | | |
|---|---|---|
| 31 | നിയമാനുസൃത അനുമതികൾ ലഭ്യമാകാതെയുള്ള വാങ്ങൽ പ്രവർത്തികൾ - നടപടി ക്രമപ്രകാരമല്ല | 1-22 |
| 32 | HMC ഫണ്ടിൽ മതിയായ തുക ലഭ്യമായിരിക്കെ പ്രോജക്ട് തയ്യാറാക്കി തനത് ഫണ്ട്/റോഡിതരമെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും തുക ചെലവഴിക്കുന്നു | 1- 23 |
| 33 | വനിതകൾക്ക് മെൻസ്ട്രൽകപ്പ് വിതരണം - വിതരണം പൂർത്തീകരിച്ചില്ല. | 1-24 |
| 34 | ഹരിത കർമ്മ സേനക്ക് ഇ ഓട്ടോ വാങ്ങൽ പദ്ധതി- തുക കൈമാറിയെങ്കിലും വാഹനം ലഭ്യമായിട്ടില്ല | 1- 25 |
| 35 | ആശ്രയ വിഹിതം അടവാക്കൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 36 | കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് പദ്ധതി- കൊമേഷ്യൽ ഡിസ് പ്ലേ സ്ഥാപിച്ചിട്ടില്ല. | 1-27 |
| 37 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മുഴുവൻ തുകക്കും മരുന്നുകൾ ലഭിച്ചിട്ടില്ല | 1-28 |
| 38 | ലൈഫ് ഭവനപദ്ധതി -ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-29 |
| 39 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകള പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങള ഭരണസമിതിയുടെ 10/05/2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരി 28/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫ ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യാ 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളി പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റ് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഉ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന് അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡ നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നി മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെ നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കു തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകള വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നത ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനി ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കി വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾ വിധേയമായി, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയ സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 23.09.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 സഞ്ചിത മൂല്യശോഷണത്തിൽ 1.6 കോടി രൂപ പ്രയർ പീരിഡ് ചെലവായി ക്രമീകരിച്ചു.

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിെ ആസ്തികളുടെ സഞ്ചിത മൂല്യശോഷണത്തിന്റെ മൂല്യം 3,53,57,563/-രൂപ ആയിരുന്നു (ബി-11 ഷെഡ്യൂൾ). എന്നാൽ 2023-24 ലെ വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിൽ സഞ്ച് മൂല്യശോഷണം 2,38,87,242/- രൂപയാണ്. 2023-24 വർഷത്തെ ഇൻകം&എക്സ്പെന്റി സ്റ്റേറ്റ്മെന്റിലെ I-18 ഷെഡ്യൂളിൽ Prior Period Expenses ആയി 16004580/- രൂ മൂല്യശോഷണമിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. മുൻ വർഷം മൂല്യശോഷണ കണക്കാക്കിയപ്പോളുണ്ടായ പിശക് തൻ വർഷം പ്രയർ പീരീഡ് ആ ക്രമീകരിച്ചതാണെന്നാണ് വിശദീകരണം ലഭ്യമാക്കിയത്.

## 1-1-2 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യ അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫ (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖക (OBRP Data) സൂക്ഷിച്ചിട്ടില്ല.

## 1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതി വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്ത് വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-4 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടി ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയ മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-5 വികസനഫണ്ട്(ജനറൽ),സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകളുടെ ചെലവ് തുകകളിൽ വ്യത്യാസം

വികസനഫണ്ട് (ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ സുലേ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവ പ്രകാരമുള്ള യഥാർത്ഥ ചെലവുകൾ യഥാക്ര 13234284, 3807042 എന്നിങ്ങനെയാണ്. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകകൾക്ക് ജേണ എൻട്രി ചെയ്യപ്പോൾ ഹെഡ് മാറിയതിനാൽ വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളി പ്രസ്തുത ഫണ്ടുകളിലെ ചെലവുകൾ യഥാക്രമം 13768098, 4733043 എന്നിങ്ങനെയാ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ നെഗറ്റീവ് തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നു

ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകകൾക്ക് ജേണൽ എൻട്രി ചെയ്യപ്പോൾ ഹെ മാറിയതിനാൽ ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂളിൽ വികസന ഫണ്ട് (ജനറൽ), സംരക്ഷ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളിൽ നിന്നുള്ള ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകക യഥാക്രമം 312100201, 312100302 എന്നീ ശീർഷകങ്ങളിൽ നെഗറ്റീവ് തുകകളായാണ് അക്കൗ ചെയ്തിട്ടുള്ളത്.

## 1-1-7 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂൾ പ്രകാ 1462818/- രൂപയും ബി-16 ഷെഡ്യൂൾ പ്രകാരം 813818/- രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മി 649000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ലോണിന്റെ ബാങ്ക് അക്കൗണ്ടിൽ 701589/- രൂ അവശേഷിക്കുന്നുണ്ട്. ഇതിൽ 12589/- രൂപ പലിശയിനത്തിൽ ലഭ്യമായ തുകയാണ്. 40000/- രൂ തനത് ഫണ്ടിൽ നിന്നും നൽകിയത് ലോൺ അക്കൗണ്ടിൽ ക്രമീകരിച്ചിട്ടില്ല.

## 1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 689 രൂപയാണ്. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയാ അവശേഷിക്കുന്ന തുക 597413 രൂപയാണ്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാദ്ധ്യതയാ അവേശേഷിക്കുന്ന തുകയേക്കാൾ 92016 രൂപ കൂടുതലാണ്.

## 1-1-9 ഒരേ ശീർഷകത്തിൽ തന്നെ വ്യത്യസ്ത ഫണ്ടുകളുടെ വിനിമയങ്ങൾ അക്കൗണ്ട് ചെയ്യുന്നു

ഒരേ ശീർഷകത്തിൽ തന്നെ വ്യത്യസ്ത ഫണ്ടുകളുടെ വിനിമയങ്ങൾ അക്കൗണ്ട് ചെയ്യുന്നതാ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിലെ 320300199- Gra Funds & Contributions For Specific Purposes-Other Government Agencies എന്ന ശീർഷകത്തിൽ ലൈ സംസ്ഥാന വിഹിതം, എം.എൻ ലക്ഷം വീട് പദ്ധതി എന്നിവയുടെ നീക്കിയിരിപ്പുക ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ I-6 ഷെഡ്യൂളിലെ 160100799 -Other Revenue Grants എന്ന ശീർഷകത്തി ലൈഫ് സംസ്ഥാനവിഹിതം, ജലനിധി എന്നിവയുടെ ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25.03.2023 ലെ 1-ാം നന തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 06.02.2024 -ലെ 1-ാം നം. തീരുമാന പ്രകാരറ അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 5576679 | 7472755 |
| വരവ് | 183413000 | 191813000 |
| ആകെ | 188989679 | 199285755 |
| ചെലവ് | 187286900 | 188671900 |
| നീക്കിയിരിപ്പ് | 1702779 | 10613855 |

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് പത്രിക, ഇൻകം എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെ ശേഷം വരവ് നഷ്ടം, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2023-24**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 17133092/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 46169109/- |
| ആകെ | 63302201/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 41049116/- |
| നീക്കിയിരിപ്പ് (31/03/2024) | 22253085/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 108999367/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 100442240/- |
| പ്രവർത്തന മിച്ചം (Gross Surplus) | 8557127/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -15958383/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 7401256/- |

**ഓഡിറ്റ് പ്രത്യവലോകനം 2023-24**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,26,362/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13935000 | 13935000 | 13234284 | 700716 | 95 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2723000 | 2723000 | 2723000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11837350 | 11837350 | 4678638 | 7158712 | 40 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5180600 | 5180600 | 3807042 | 1373558 | 73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2931786 | 1730500 | 4662286 | 4671520 | -9234 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 74011 | 2364970 * | 2438981 | 1832334 | 606647 | 75 |
| ഐ.സി.ഡി.എസ് | 84743 | 937363 | 1022106 | 687903 | 334203 | 67 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 2915949 | 2915949 | 2915949 | 0 | 100 |
| സാക്ഷരത | 746 | 20 | 766 | 0 | 766 | 0 |
| ലൈഫ്-സംസ്ഥാന വിഹിതം | 220000 | 4542686 | 4762686 | 4222686 | 540000 | 89 |
| എം.എൻ ലക്ഷം വീട് | 75847 | 2086 | 77933 | 25 | 77908 | |
| നിർമ്മൽപുരസ്ക്കാരം | 3028 | 0 | 3028 | 3028 | 0 | 100 |
| പൈക്ക | 3284 | 0 | 3284 | 3284 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ജലനിധി | 7178191 | 429898 | 7608089 | 2281225 | 5326864 | 30 |
| എസ്.എസ്.എ | 78787 | 2154 | 80941 | 0 | 80941 | 0 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 182238 | 765444 | 947682 | 179875 | 767807 | 19 |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്) | 515326 | 338542 | 853868 | 459112 | 394756 | 54 |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 57970 രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയ വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1378 രൂപ, 280428 രൂപ, KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാ പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സി കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യ തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളു യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. വികസനഫണ്ട് (ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ സുലേ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവ പ്രകാരമുള്ള യഥാർത്ഥ ചെലവുകൾ യഥാക്ര 13234284, 3807042 എന്നിങ്ങനെയാണ്. എന്നാൽ വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളി പ്രസ്തുത ഫണ്ടുകളിലെ ചെലവുകൾ യഥാക്രമം 13768098, 4733043 എന്നിങ്ങനെയാ രേഖപ്പെടുത്തിയിട്ടുള്ളത്. Capital Contribution തുകയ്ക്ക് Journal Entry ചെയ്തപ്പോളുണ്ടായ പിഴ മൂലം വാർഷികകണക്കുളിൽ ചെലവിനത്തിൽ തുക കൂടുതലായാണ് അക്കൗ ചെയ്തിട്ടുള്ളത്.

3. ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽ ആകെ അലോട്ട്മെന്റിനേക്കാൾ കൂടുത തുക ചെലവ് ചെയ്തതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവാണ്.

4. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളു മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊ ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

5. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭ് പലിശ 57970/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്ര (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) രണ്ട വാർഷിക പദ്ധതിയ്ക്ക് (2023-24 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് ന 83898/23/DPC/DPO/KTM തീയതി 23-02-2024 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിരുന്നു. ആകെ പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്ക 9,60,85,252/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയോ 05-01-23 ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 06-01-23 ലും വികസന സെമിനാർ 22-2-23 ല ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 28-05-23മുതൽ 10-06-23 വരെ നട ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2023-24 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 33,38,199/- | 17,02,889/- |
| വെറ്ററിനറി സർജൻ | 4 | 4 | 7,49,800/- | 6,77,981/- |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 14 | 12 | 38,83,775/- | 26,05,979/- |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 2 | 8,50,000/- | 7,48,497/- |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 6,50,000/- | 6,22,800/- |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2,24,000/- | 80,000/- |
| വി.ഇ.ഒ-1 | 13 | 9 | 18,42,256/- | 11,81,571/- |
| വി.ഇ.ഒ-2 | 5 | 3 | 2,72,00,000/- | 1,30,50,366/- |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 67,40,185/- | 40,64,729/- |
| ഡയറിഫാംഇൻസ്ട്രക്ടർ | 2 | 2 | 32,50,000/- | 24,38,593/- |
| സെക്രട്ടറി | 46 | 34 | 71,22,123/- | 63,74,623/- |
| അസി.എഞ്ചിനീയർ | 102 | 40 | 3,73,98,874/- | 1,17,84,582/- |
| ഹെഡ്മാസ്റ്റർ | 5 | 3 | 10,96,040/- | 4,86,461/- |
| അസി.സെക്രട്ടറി | 9 | 7 | 17,40,000/- | 12,96,840/- |
| ആകെ | 218 | 130 | 9,60,85,252/- | 4,71,15,911/- |

**<u>സഞ്ചിതനിധിയിലേയ്ക്ക് 92.32 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>**

അസി.എഞ്ചിനീയർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത 88 ഓ പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാല ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 700716/- |
| സംരക്ഷണഗ്രാന്റ് റോഡ് | 7158712/- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1373558/- |
| ആകെ | 92,32,986/- |

വികസനഫണ്ട് വളരെ മികച്ച രീതിയിൽ ഫലപ്രദമായി വിനിയോഗിക്കാ സാധിച്ചിരുന്നുവെന്നത് ശ്ലാഘനീയമാണ്. എന്നിരുന്നാലും റോഡ് സംരക്ഷണ ഗ്രാന്റിൽ 4 തുകയും റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ 73% തുകയും മാത്രമെ തൻവർഷ ചെലവഴിക്കാൻ സാധിച്ചുള്ളുവെന്നത് നിർവ്വഹണത്തിലെ പോരായ്മയിലേക്ക് വിരൽചൂണ്ടുന റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ വിവിധ ബില്ലുകൾ ക്യു വിൽ നിൽക്കു സാഹചര്യമുണ്ടായിരുന്നുവെങ്കിൽ കൂടി സംരക്ഷണ ഗ്രാന്റുകൾ വളരെ കുറഞ്ഞ നിലയി മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞുള്ളുവെന്നതിലേക്ക് ഭരണസമിതിയുടെ സജ് ശ്രദ്ധക്ഷണിക്കുന്നു.

**<u>മോണിറ്ററിംഗ്</u>**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതി
തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതാ
കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന
നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകര
മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറ
പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 14 വാർഡുകളിലും ലേബർ ബ
തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 8 പേർക്ക് പുതുതായി തൊഴിൽ കാർ
നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 516 പദ്ധതികളിൽ
എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 117 പ്രോജക്ടുകൾ പൂർത്തീകരിക്കുകയ
ചെയ്തു. 35153 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 483 കുടുംബങ്ങൾ പദ്ധതിയുമാ
സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണ
കയ്യാല, കുളം നിർമ്മിക്കൽ, തോടുകൾ ആഴം കൂട്ടൽ മുതലായ പ്രോജക്ടുകൾ തൻവർഷ
ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെല
കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1970 | 2048534 | 2050504 | 2046285 | 4219 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 15621885 | 15621885 | 15621885 | 0 |
| ആകെ | 1970 | 17670419 | 17672389 | 17668170 | 4219 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴ
തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 15982600 | 1479 |
| കർഷകതൊഴിലാളി പെൻഷൻ | 2121600 | 172 |
| വിധവാപെൻഷൻ | 5137600 | 482 |
| 50 വയസിലധികം പ്രായമുള്ളവർക്ക് അവിവാഹിത പെൻഷൻ | 386600 | 39 |
| വികലാംഗപെൻഷൻ | 1691800 | 152 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാ
ബാലൻസ് പരിശോധന, 19.08.2024-ന് 03.15 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരു
സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2197/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യ
പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വളരെ മികച്ച രീതിയി
ആണെന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീ

പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളു നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും ഉപരിപരിശോധനയ്ക്ക അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. **സംസ്ഥാന തലത്തിൽ ഏറ്റവും മിക മൂന്നാമത്തെ ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കുവാ സാധിച്ചുവെന്നത് ഗ്രാമപഞ്ചായത്തിലെ കൂട്ടായ പ്രവർത്തനങ്ങളുടെ മികവി സൂചിപ്പിക്കുന്നു.** നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവ ഒഴികെയു വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി 2023-24 വർഷം 10 നികുതി പിരിവ് സാദ്ധ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞുവെന്നത് പ്രത്യേ പ്രസ്താവ്യമാണ്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മ കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്ക യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളി ജനുവരി 2023 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് മെയ് 2023 നാണ്. ഇ ക്രമപ്രകാരമല്ല. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡ സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.12.2021 | 04/21-06/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/02/2015 -09/03/2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ)-II/8A-2278/15 തീയതി 19/05/2015 |

## 1-11 വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല

250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ വിവി നമ്പരുകളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയപ്പോൾ മേൽത്തരം തറനിർമ്മിതിയു അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിന ബാധകമായിട്ടില്ല എന്ന് സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ കാണുന്നു. 2 ചതുരശ്രമീറ്ററിൽ അധികമായി ഒറ്റ നമ്പരിൽ നികുതി നിർണ്ണയിക്കപ്പെടുന്ന ഭാഗത്ത് മാത്രമാണ് 15% നികുതി വർദ്ധന കണക്കാക്കി നികുതി നിർണ്ണയിക്കപ്പെടുന്നത്. ഉദാഹരണ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | ഉപയോഗക്രമം | Plinth Area (ച.മീ) | 15% വർദ്ധനവ് വരുത്തേണ്ടആകെ വിസ്തീർണ്ണം (ച.മീ) | വർദ്ധനവ് വരുത്താ കഴിഞ്ഞ വിസ്തീർണ്ണ (ച.മീ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 5/45/D,D1,E,F,G,H | മാത്യു തോമസ് , മറിയാമ്മ മാത്യു , കാഞ്ഞിരംതറപ്പേൽ , മരങ്ങാട്ടുപിള്ളി | സൂപ്പർമാർക്കറ്റ് / ഓഫീസ് | 173.34 + 465.338+ 17.42 (ഓഫീസ്) + 195.94+ 465.34+ 195.938 | 1513.316 | 930.68 |

ഇപ്രകാരം 250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന് നികുതി വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. IK സോഫ്റ്റ്‌വെയർ ക്രമീകരണം നടത്തുന്ന മുറയ്ക്ക് നികുതി വർദ്ധനവ് വരുത്തുന്നതാണെ ഇത് സംബന്ധിച്ച് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി (നം. 11/27.08.24) മറുപടി നൽകി. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയ പരിശോധനയിൽ ചുവടെ ചേർക്കുന്ന BSNL മൊബൈൽ ടവറുകളുടെ വസ്തു നികു അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽപെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻ ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം | അടിസ്ഥാന വസ്തുനികുതി | നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|
| 1 | 1/3/UA/2023 | 25488 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 5/3/UA/2014 | 114109 | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 5/4/UA/2023 | 31168 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |

കൂടാതെ 5/272A റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് മൊബൈൽ ടവറിന്റെ വസ്തുനികു 2020 രണ്ടാം അർദ്ധവർഷം മുതൽ കുടിശ്ശികയാണെന്ന് സഞ്ചയ സോഫ്റ്റ് വെയ പരിശോധനയിൽ കാണുന്നു. ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ സ്വീകരി തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡ എൻക്വയറിയ്ക്ക് (19/29.08.24) BSNL മൊബൈൽ ടവറുകളുടെ വസ്തുനികു അടവാക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതാണെന്ന റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് മൊബൈൽ ടവറിന്റെ വസ്തുനികുതി റവന റിക്കവറിയിലൂടെ ഈടാക്കാൻ നടപടി സ്വീകരിച്ചെന്നും മറുപടി നൽകി. തുടർ നടപ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി- കുടിശ്ശിക നിലനിൽക്കുന്നു

2023-24 വാർഷിക കണക്കുകളിൽ ചുവടെ ചേർത്തിരിക്കും വിധം വസ്തു നികുതി കുടിശ്ശി നിലനിൽക്കുന്നുണ്ട്.

| | |
|---|---|
| റെസിഡെൻഷ്യൽ (Current) | 128509 |
| റെസിഡെൻഷ്യൽ (Arrear) | 1213918 |
| നോൺ റെസിഡെൻഷ്യൽ (Current) | 24215 |
| നോൺ റെസിഡെൻഷ്യൽ (Arrear) | 97007 |

കോടതി വ്യവഹാരം / റവന്യൂ റിക്കവറി ഒഴികെയുള്ള വസ്തു നികുതി പിരിവ് തൻവർഷം 10( കൈവരിച്ചു എന്നുള്ളത് ശ്ലാഘനീയമാണ്. ലേബർ ഇൻഡ്യാ പബ്ലിക് സ്കൂളിന്‍ ഹോസ്റ്റലുകളുടെ (8/5/UA-2011 , 8/7/UA-2011, 8/8/UA-2011, 8/9/UA-2011, 8/10/UA-2011) വസ്തു നികു കോടതി വ്യവഹാരം നടക്കുന്നതിനാൽ അടവാക്കാതെ അവശേഷിക്കുന്നത് മൂലമാണ് നോ റെസിഡെൻഷ്യൽ (Arrear) വൻതുക നിലനിൽക്കുന്നത്. ജ്യോതീന്ദ്രനാഥൻ നമ്പൂതിരി കുന്നത്തേട്ടില്ലം എന്നയാളുടെ ഉടമസ്ഥതയിലുള്ള 06/214 A എന്ന കെട്ടിടത്തിന്റെ വ നികുതി 2016 ൽ നിർണ്ണയിച്ചിരിക്കുന്നത് ഫ്യുവൽ സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിലാ എന്നാൽ പ്രസ്തുത ഫ്യുവൽ സ്റ്റേഷന്റെ 2016 മുതലുള്ള വസ്തു നികുതിയും കോടതി വ്യവഹാ മൂലം ഈടാക്കാൻ സാധിച്ചിട്ടില്ല. കേസുകളുടെ അന്തിമവിധിക്ക് വിധേയമാ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി സഞ്ചയ ഡേറ്റാബേസ് - അടിസ്ഥാന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഡേറ്റാബേസ് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്

2023-24ൽ പുതിയ അസ്സസ്സ്മെന്റുകൾ നടത്തി കെട്ടിട നമ്പർ നൽകുമ്പോൾ ആയതിന് അടിസ്ഥാന നമ്പറായി സ്വീകരിച്ച പഴയ കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങളിൽ നിന്ന് മേഖല, റോഡ് വിവരം തുടങ്ങിയവ വ്യത്യാസപ്പെടുന്നതായി കാണുന്നു. ഏതാന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്, കെട്ടിട നം. | മേഖല | റോഡിന്റെ പേര് | റോഡിന്റെ വീതി |
|---|---|---|---|---|
| 1 | 1/170 | തൃതീയം | M C റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |
| | 1/170 A | പ്രഥമം | പുല്ലുവട്ടം - വാക്കാട് | 1.5 മീറ്ററിൽ കൂടുതൽ |
| | 1/170 B | ദ്വിതീയം | പുല്ലുവട്ടം - വാക്കാട് | 5 മീറ്ററോ അതിൽ കൂടുതലോ |
| | 1/170 C | ദ്വിതീയം | കുര്യനാട് - വാക്കാട് | 5 മീറ്ററോ അതിൽ കൂടുതലോ |
| 2 | 1/254 | തൃതീയം | മുണ്ടിയാനിപ്പുറം -വാളമ്മാനാൽ | 1.5 മീറ്ററിൽ കുടുതൽ |
| | 1/254A | ദ്വിതീയം | വാളംമാനാൽ -പാറക്കുടി | 5 മീറ്ററോ അതിൽ കൂടുതലോ |

| | | | | |
|---|---|---|---|---|
| 3 | 2/315 | തൃതീയം | പൂവത്തുങ്കൽ-കുറിച്ചിത്താനം | 5 മീറ്ററോ അതിൽ കൂടുതലോ |
| | 2/315A | ദ്വിതീയം | പൂവത്തിങ്കൽ -മണിയാക്കുപാറ | 5 മീറ്ററോ അതിൽ കൂടുതലോ |
| 4 | 4/375 | തൃതീയം | മരങ്ങാട്ടുപിള്ളി പള്ളി -ഇളമ്പക്കോടം | 1.5 മീറ്ററിൽ കൂടുതൽ |
| | 4/375A , B , | ദ്വിതീയം | ആണ്ടൂർ --കുടക്കച്ചിറ | 1.5 മീറ്ററിൽ കൂടുതൽ |
| | 4/375 C ,D | പ്രഥമം | ആണ്ടൂർ --കുടക്കച്ചിറ | 1.5 മീറ്ററിൽ കൂടുതൽ |
| | 4/375 E | ദ്വിതീയം | ആരംപുളിക്കൽ പ്ലാത്തോട്ടത്തിൽ | 5 മീറ്ററോ അതിൽ കൂടുതലോ |
| | 4/375 F , G | ദ്വിതീയം | ആണ്ടൂർ --കുടക്കച്ചിറ | 5 മീറ്ററോ അതിൽ കുടുതലോ |
| 5 | 6/395 | തൃതീയം | ഇല്ലിയ്ക്കൽ-ചുടലപ്പാറ ആനശ്ശേരി റോഡ് | 5 മീറ്ററോ അതിൽ കുടുതലോ |
| | 6/395A | ദ്വിതീയം | ഇല്ലിയ്ക്കൽ-ചുടലപ്പാറ ആനശ്ശേരി റോഡ് | 1.5 മീറ്ററിൽ കൂടുതൽ |
| 6 | 11/324A , B | ദ്വിതീയം | മണ്ണയ്ക്കനാട് -കുറിച്ചിത്താനം | 5 മീറ്ററോ അതിൽ കുടുതൽ |
| | 11/324C | പ്രഥമം | മണ്ണയ്ക്കനാട്-കുറിച്ചിത്താനം റോഡ് | 1.5 മീറ്ററിൽ കുടുതൽ |

ഇപ്രകാരം ഡേറ്റാബേസിലുണ്ടാകുന്ന അപാകത പരിഹരിക്കാൻ നടപ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽക് ഓഡിറ്റ് എൻക്വയറിക്ക് (നം. 12/27.08.24) മറുപടിയായി സഞ്ചയ ഡേറ്റാബേസിൽ തിരുത്തലുക വരുത്തുന്നതുമായി ബന്ധപ്പെട്ട് ഡേറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം ലഭ്യമാകുന്ന മുറയ്ക വിവരങ്ങൾ കൃത്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡേറ്റാബേസിലുള്ള അപാക പരിഹരിയ്ക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി -ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടത്

1 . പഞ്ചായത്ത് പരിധിയിലുള്ള വിവിധ പോസ്റ്റ് ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണത്തി 2023-24 വർഷം രണ്ടാം അർദ്ധവർഷത്തിൽ ചുവടെ ചേർക്കും പ്രകാരം കുറവ് കാണുന്നു.

| സ്ഥാപനം | ഒന്നാം അർദ്ധവർഷത്തിലെ | രണ്ടാം അർദ്ധവർഷത്തിലെ |
|---|---|---|

| | | |
|---|---|---|
| | ജീവനക്കാരുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
| പോസ്റ്റ് ഓഫീസ്, കുര്യനാട് | 2 | 1 |
| പോസ്റ്റ് ഓഫീസ്, മണ്ണയ്ക്കനാട് | 3 | 1 |
| പോസ്റ്റ് ഓഫീസ്, മരങ്ങാട്ടുപിള്ളി | 4 | 2 |

2. ചെറുവള്ളിക്കാവ് ക്ഷേത്രം ജീവനക്കാരുടെ തൊഴിൽ നികുതി ഒന്നാം അർദ്ധവർഷ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് (മൂന്ന് ജീവനക്കാരുടെ തൊഴിൽ നികുതി 3750 രൂ എന്നാൽ രണ്ടാം അർദ്ധവർഷം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലാണ് ജീവനക്കാരു തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്. പ്രസ്തുത തുക മരങ്ങാട്ടുപിള ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ (10/27.08.24) ഓഡിറ്റ് എൻക്വയറിയ്ക്ക്, തുടർനടപടികൾ സ്വീകരി വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടി നൽകി. തുടർനടപടി വിവരങ്ങ ലഭ്യമാക്കേണ്ടതാണ്.

## <u>1-16 റേഷൻ കടകൾ, ഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്ക വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻ നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിന വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. 1996-6 കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയ നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാ പാടുള്ളതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ റേഷൻ കടക ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടി ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടു പക്ഷം രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡി എൻക്വയറിക്ക് (നം.17/27.08.24) ടി സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. റേഷൻ കടകൾ, ഷാപ്പുകൾ ഉൾപ്പെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമു ലൈസൻസ് ഫീസ് ഈടാക്കി വിവരമറിയിക്കേണ്ടതാണ്

## <u>1-17 തടി ലേലം- എഫ്. ഡി. ടിയും ജി.എസ്.ടിയും അടവാക്കിയിട്ടില്ല</u>

മരങ്ങാട്ടുപിള്ളി പഞ്ചായത്ത് മൂന്നാം വാർഡിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തേക്കുകളും 9 റബർ മരങ്ങളും മുറിച്ചു മാറ്റുന്നതിന്റെ കുത്തകാവകാശത്തിനായുള്ള ലേ 06.01.2024 തീയതി നടത്തുകയും ഉയർന്ന തുകക്ക് (35025 രൂപ- തേക്ക് മരങ്ങൾക്ക് 28418 രൂപയ റബർ മരങ്ങൾക്ക് 6607 രൂപയും) ലേലം വിളിച്ച സണ്ണി കുര്യൻ എന്ന വ്യക്തിയുടെ ലേ അംഗീകരിക്കുകയും ചെയ്തു. ഫയലുകൾപരിശോധിച്ചതിൽ ലേല നിബന്ധനകൾ നം പ്രകാരം (29/12/23 തീയതിയിലെ 400480/PSDT02/General/2023/2725) ലേല തുകയുടെ 18

ജി.എസ്.ടിയും 5.25% ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും ചേർന്നുള്ള തുകയായ 43168 രൂ പഞ്ചായത്തിൽ ഒടുക്കേണ്ടതെങ്കിലും ലേല തുകയായ 35025 രൂപ മാത്രമാണ് ശ്രീ സണ്ണി കുരു പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് (1230102274/01.02.24 രസീത് പ്രകാരം 23350 രൂപയ 12301022063/06.01.24 രസീത് പ്രകാരം 11675 രൂപയും). ലേല തുകയിന്മേലുള്ള ജി.എസ്.ടിയ എഫ്.ഡി.ടിയും ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡ എൻക്വയറിക്ക് (13/27.08.24) ലേലയിനത്തിൽ ഒടുക്കിയ തുക ജി.എസ്.ടിയും എഫ്.ഡി.ടിയ ഉൾപ്പെടുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ലേല തുകയിന്മേൽ ജി.എസ്.ടിയ എഫ്.ഡി.ടിയും ഈടാക്കണമെന്ന് ലേല നിബന്ധനകളിൽ വ്യക്തമാ പരാമർശിക്കുന്നതിനാൽ ലേല തുകയായ 35025 യുടെ 18 ശതമാനം ജി.എസ്.ടി ഇനത്തില (35025*0.18= 6304 രൂപ) 5.25 ശതമാനം എഫ്.ഡി.ടി ഇനത്തിലും (35025*0.0525= 1839 രൂ ഒടുക്കുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. പരാമർശിത എഫ്.ഡി.ടിയും ജി.എസ്.ടിയ നിശ്ചിത ശീർഷകങ്ങളിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

## 1-18 KURDFC വായ്പ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു

